പതിനാലാം കേരള നിയമസഭ

18-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1382 — 06.02.2020-ൽ മറുപടിക്ക്

## കാപ്പികോ റിസോർട്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ടി.ജെ. വിനോദ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ (ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | തീരദേശ പരിപാലന നിയമം ലംഘിച്ചതിന്റെ പേരിൽ വേമ്പനാട്ട് കായലിലെ നെടിയ തുരുത്തിൽ കാപ്പികോ റിസോർട്ട് പൊളിക്കുവാൻ സുപ്രീം കോടതി ഉത്തരവായിട്ടുണ്ടോ; | (എ) ഉണ്ട്. 10.01.2020-ലെ 194186/2020 നം. (Kapico.Kerala Resort Pvt Ltd V/s State of Kerala & ors) ഉത്തരവ് പ്രകാരം വേമ്പനാട്ട് കായലിലെ നെടിയ തുരുത്തിൽ കാപ്പികോ റിസോർട്ട് പൊളിക്കുവാൻ ബഹു. സുപ്രീംകോടതി ഉത്തരവായിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത കോടതി ഉത്തരവ് നടപ്പിലാക്കാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) കോടതി നിർദ്ദേശാനുസരണം തുടർനടപടികൾ സ്വീകരിക്കുന്നതിനായി പാണാവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് കമ്മറ്റി കൂടി നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. |
| (സി) | കാപ്പികോ റിസോർട്ട് നിർമ്മിക്കുന്നതിനായി എത്ര ഏക്കർ കായൽ അനധികൃതമായി നികത്തിയെന്നാണ് കണ്ടെത്തിയിട്ടുള്ളത്; | (സി) കാപ്പികോ റിസോർട്ട് നിർമ്മിക്കുന്നതിനായി 2.9397 ഹെക്ടർ കായൽ പുറമ്പോക്ക് ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | റിസോർട്ട് നിർമ്മാണത്തിന് തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (ഡി) റിസോർട്ട് നിർമ്മാണത്തിന് തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതി ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**